"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.153/ഡിസി2/2021/തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 05/09/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - അയൽപക്ക സമിതികൾ രൂപീകരിച്ചുകൊണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:- 1) സ.ഉ. (സാധാ) നം.55/2020/തസ്വഭവ തീയതി 20.03.2020.
2) സ.ഉ. (സാധാ) നം.831/2020/തസ്വഭവ തീയതി 06.05.2020.
3) സ.ഉ.(സാധാ) നം.282/2021/ തസ്വഭവ തീയതി 02/02/2021
4) സ.ഉ.(സാധാ) നം.947/2021/ തസ്വഭവ തീയതി 04/05/2021
5) 03.09.2021 -ൽബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന തദ്ദേശ സ്ഥാപന പ്രതിനിധികളുടെ യോഗ തീരുമാനം
6) സ.ഉ.(സാധാ) നം.939 /2021/ തസ്വഭവ തീയതി 02 /05/2021
7) സ.ഉ.(സാധാ) നം.911/2021/തസ്വഭവ തീയതി 26/04/2021

**********************

1. സംസ്ഥാനത്ത് കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ചും വാർഡ് മെമ്പറുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി ഗ്രൂപ്പ് രൂപീകരിച്ചും പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രവാസികളുടെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മലയാളികളുടെയും തിരിച്ചുവരവ് വീടുകളിൽ നിരീക്ഷണത്തിൽ കഴിയേണ്ടവരുടെ എണ്ണത്തിൽ കാര്യമായ വർധനവുണ്ടാക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ കമ്മ്യൂണിറ്റി ഗ്രൂപ്പ് പുനർണാകരണം ചെയ്ത് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വാർഡുതല മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ച് പരാമർശം 2 പ്രകാരവും ഉത്തരവായിരുന്നു. പരാമർശം 3 പ്രകാരം വാർഡ് തല സമിതികളുടെ പ്രവർത്തനങ്ങളും ചുമതലകളും വ്യക്തമാക്കിയിരുന്നു.

2. എന്നാൽ കോവിഡ് രോഗവ്യാപനത്തിന്റെ വ്യാപ്തി വർധിച്ച വരുകയും ഗൃഹ പരിചരണത്തിൽ (ഹോം ക്വാറന്റൈൻ) പോകുന്നവരുടെ എണ്ണം കൂടുകയും ചെയ്ത സാഹചര്യത്തിൽ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ കോവിഡ് പ്രതിരോധിക്കുന്നതിനുള്ള സംവിധാനം വിപുലപ്പെടുത്തകയുണ്ടായി. പരാമർശം 4 ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ വാർ റൂമും കോർ ഗ്രൂപ്പും വാർഡ് സമിതി വിപുലപ്പെടുത്തി കൊണ്ട് 5 0 വീടുകൾ ഉള്ള അയൽപക്ക അടിസ്ഥാനത്തിൽ ക്ലസ്റ്ററുകളും രൂപീകരിക്കാൻ നിർദേശം നൽകിയിരുന്നു.

3. അയൽപക്ക തലത്തിൽ കോവിഡ് പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട് എന്ന് പരാമർശം 5 യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ കോവിഡ് വ്യാപനമുള്ള എല്ലാ വാർഡുകളിലും ശരാശരി 5 0 വീടുകൾ തിട്ടപ്പെടുത്തികൊണ്ടു ക്ലസ്റ്ററുകളെ അയൽപക്ക നിരീക്ഷണ സമിതികളായി വിന്യസിക്കേണ്ടതാണ്. സന്നദ്ധ സേന അംഗങ്ങളെയും റെസിഡന്റ്സ് അസ്സോസിയേഷനുകളെയും കുടുംബശ്രീ സംഘടനാ സംവിധാനത്തെയും ജനമൈത്രി പോലീസിനെയും ഈ സമിതികളിൽ ഉൾപെടുത്തേണ്ടതാണ്. വാർഡ് തല സമിതികൾ അയൽപക്ക സമിതികളുടെ രൂപീകരണം ഉറപ്പാക്കേണ്ടതും വാർഡ് തല സമിതിയുടെ ഉപ ഘടകങ്ങളായി ഇവയെ പ്രവർത്തിപ്പിക്കേണ്ടതുമാണ്. ഓരോ അയൽപക്ക സമിതിയിലും contact tracing നും രോഗികളുടെ ക്വാറന്റൈൻ വ്യവസ്ഥകൾ പാലിക്കുന്നത് ഉറപ്പാക്കലിനും അവശ്യ സാധനങ്ങൾ വീടുകളിൽ എത്തിക്കുന്നതിനുള്ള ഇടപെടലിനും ചുമതലക്കാർ ആരാണെന്നത് തിട്ടപ്പെടുത്തണം. വാർഡ് തല സമിതിയുടെ മേല്നോട്ടത്തിലായിരിക്കും അയൽപക്ക നിരീക്ഷണ സമിതികൾ പ്രവർത്തിക്കുക.

4. കോവിഡ് പോസിറ്റീവ് ആയ ആൾ ഉള്ള വീട്ടിൽ ടി വ്യക്തിയെ ഐസൊലേറ്റ് ചെയ്യാനുള്ള സൗകര്യം ഉണ്ടോ എന്നത് അയൽപക്ക സമിതി ഉറപ്പുവരുത്തണം. സൗകര്യം ഉണ്ടെങ്കിൽ വീട്ടിലെ മറ്റംഗങ്ങൾ പുറത്തു പോകാതെ വീടിനുള്ളിൽ ആരോഗ്യ വകുപ്പിന്റെ നിലവിലെ ഡിസ്ചാർജ് മാർഗ്ഗരേഖകൾക്കനുസരിച്ചുള്ള കാലം അത്രയും ക്വാറന്റീനിൽ തുടരുന്നു എന്ന് ഉറപ്പാക്കണം. ഇത് ലംഘിക്കപ്പെടുന്നില്ലെന്ന് നിരന്തര നിരീക്ഷണത്തിലൂടെ ഉറപ്പാക്കണം.

5. പരാമർശം 6 ഉത്തരവ് പ്രകാരം ഹെല്പ് ഡെസ്കുകൾ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിരുന്നു. കുടുംബാംഗം അല്ലാത്ത, രോഗിയുമായി പ്രാഥമിക സമ്പർക്കം ഉള്ള വ്യക്തികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി ക്വാറന്റീനിൽ പ്രവേശിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് ടി ഹെല്പ് ഡെസ്കുകളുടെ സഹായം എടുക്കാവുന്നതാണ്. ക്വാറന്റീൻ ലംഘനം കണ്ടെത്തിയാൽ GO (Rt) no.591/2021/DMD dated 03/09/2021 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പിഴ ഈടാക്കുന്നതുൾപ്പടെയുള്ള നടപടികൾ ബന്ധപ്പെട്ടവർ എടുക്കേണ്ടതും അത് തദ്ദേശ ഭരണ സ്ഥാപനതലത്തിൽ പോലീസിന്റെയും സെക്ടർ മജിസ്ട്രേറ്റ്, വില്ലേജ് ഓഫീസർ എന്നിവരുടെ സഹായത്തോടെ ഉറപ്പാക്കി D D M A ക്കു GO (Rt) No. 593/2021/DMD dated 04/09/2021 പ്രകാരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

6. കുടുംബാംഗങ്ങൾ മുഴുവൻ ക്വാറന്റീനിൽ ആകുന്ന സാഹചര്യം ഉണ്ടാകുമ്പോൾ ആ കുടുംബത്തിന് വേണ്ട ഭക്ഷണം, മരുന്ന്, മാറ്റ് അത്യാവശ്യ സാധനങ്ങൾ എന്നിവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. ഇതിനായി സന്നദ്ധ സേനാംഗങ്ങളുടെ സേവനവും ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്. ഇവർക്ക് പരാമർശം 7 പ്രകാരം അനുവദിച്ചിട്ടുള്ള ഇന്ധനച്ചെലവ്/യാത്രച്ചെലവ് തുടങ്ങിയവ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകാവുന്നതാണ്.

7. കോവിഡ് പോസിറ്റീവ് ആകുന്ന വ്യക്തികൾ multiple കൊമോർ ബിഡിറ്റി (പ്രമേഹം, രക്താദിസമ്മർദ്ദം, ഹൃദ്രോഗം, കാൻസർ, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ ഏതെങ്കിലും അസുഖ ബാധിതർ) ഉള്ളവരാണെകിൽ അവരെ രോഗം സ്ഥിരീകരിച്ച ഉടൻതന്നെ ഡി.സി.സി. കളിലേയ്ക്കോ സി.എഫ്.എൽ.ടി.സി.കളിലേയ്ക്കോ മാറ്റേണ്ടതാണ്. അല്ലാത്തവർക്ക് നിരീക്ഷണത്തിലിരിക്കുമ്പോൾ ശ്വാസതടസം, നെഞ്ച് വേദന, സംസാര ശേഷിയോ

ചലനശേഷിയോ നഷ്ടമാകൽ, ബോധക്ഷയം, തളർച്ച, രക്തം കലർന്ന കഫം, എന്നിങ്ങനെ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ വൈദ്യ സഹായം കിട്ടുന്നു എന്ന് അടിയന്തരമായി ഉറപ്പാക്കണം. രോഗബാധിതരിലും ക്വാറന്റൈനിൽ കഴിയുന്നവരിലും ഇപ്രകാരമുള്ള ലക്ഷണങ്ങൾ ഉണ്ടാകുന്നത് തുടക്കത്തിൽ തന്നെ കണ്ടുപിടിച്ച് ആശുപത്രിയിലേക്ക് ഇവരെ ഉടനടി മാറ്റുന്നു എന്ന് ഉറപ്പാക്കുക അയൽപക്ക നിരീക്ഷണ സമിതികളുടെ ഉത്തരവാദിത്വമായിരിക്കും.

8. ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് തദ്ദേശ ഭരണ സ്ഥാപന തലത്തിലുള്ള കോർ ഗ്രൂപ്പ് ദിവസേന നിരീക്ഷിക്കേണ്ടതാണ്.

9. കോവിഡ് പ്രതിരോധത്തിന് വാർഡ് തല സമിതി അംഗങ്ങൾക്കും ആർ.ആർ.ടി. അംഗങ്ങൾക്കും അയൽപക്ക സമിതികൾക്കും ആവശ്യമായ പരിശീലനം കൊടുക്കുന്നതിനു നിർദേശിക്കുന്നു.

**രോഗലക്ഷണങ്ങളില്ലാത്തതും ലഘുവായ രോഗലക്ഷണങ്ങൾ ഉള്ളതുമായ കോവിഡ് രോഗികളുടെ വീടുകളിലെ പരിചരണം.**

രോഗലക്ഷണങ്ങളില്ലാത്തതും ലഘുവായ രോഗലക്ഷണമുള്ളവരെയും വീടുകളിൽ തന്നെ ചികിൽസിക്കാനും വീട്ടിൽ ചികിത്സയിൽ കഴിയുന്നവരെ നന്നായി നിരീക്ഷിച്ച് ആവശ്യമാണെങ്കിൽ മാത്രവുമാണ് ആശുപത്രിയിലേക്ക് മാറ്റേണ്ടത്. കോവിഡ് രോഗികളുടെ വീടുകളിലെ പരിചരണം സംബന്ധിച്ച് ചിലരിലെങ്കിലും ആശങ്കകൾ നിഴലിച്ചു കാണുന്നുണ്ട്. നിയന്ത്രണ വിധേയമല്ലാത്ത ജീവിതശൈലീ രോഗങ്ങളോ, കിടപ്പ് രോഗികളോ ആകാത്ത, ശരിയായ മാനസികാരോഗ്യമുള്ള, യാതൊരു രോഗലക്ഷണങ്ങളില്ലാത്തതും ലഘുവായ രോഗലക്ഷണങ്ങൾ ഉള്ളതുമായ കോവിഡ് രോഗികളെ ഗൃഹ പരിചരണത്തിൽ പ്രവേശിപ്പിക്കാവുന്നതാണ്. ഗൃഹ പരിചരണ/ഹോം ഐസൊലേഷനിൽ കഴിയേണ്ട കാലാവധി നിലവിലെ ഡിസ്ചാർജ് മാർഗ്ഗരേഖകൾക്കനുസരിച്ചായിരിക്കും നിശ്ചയിക്കുന്നത്.

<u>ബന്ധപ്പെട്ട അയൽപക്ക നിരീക്ഷണ സമിതി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

- മൂന്ന് തലത്തിലുള്ള ദൈനംദിന നിരീക്ഷണ സംവിധാനം കൃത്യമായി പിന്തുടരേണ്ടതാണ്.
- ഹോം ഐസൊലേഷൻ മാനദണ്ഡപ്രകാരം ആണോ ഐസൊലേഷനിൽ കഴിയുന്നത് എന്ന് ഉറപ്പാക്കുക.
- ഫോൺ വഴി എല്ലാ ദിവസവും രോഗനിരീക്ഷണം നടത്തുക
- രോഗലക്ഷണമില്ലാത്ത/നേരിയ രോഗലക്ഷണമുള്ളവരെ ഓരോ 12 മണിക്കൂർ കൂടുമ്പോഴും അവരുടെ രോഗാവസ്ഥയിൽ വരുന്ന മാറ്റം കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.
- വളരെ അപ്രതീക്ഷിതമായി ഇത്തരം രോഗികൾ റെഡ് കാറ്റഗറി ആയി മാറുകയും അടിയന്തര

വൈദ്യ സഹായം ലഭ്യമാക്കേണ്ടതായും വരാം

- രോഗലക്ഷണങ്ങൾ സ്വയം നിരീക്ഷിക്കുന്ന രോഗി തനിക്ക് പനിയോ അപകട സൂചനാ ലക്ഷണങ്ങളോ ഉണ്ടെന്ന് അറിയിച്ചാൽ രോഗ തീവ്രതയനുസരിച്ച് മാറ്റേണ്ട ആരോഗ്യ സ്ഥാപനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- ജില്ലാ അധികാരികൾ നിയോഗിച്ചിട്ടുള്ള മൊബൈൽ ടീമിന്റെ സഹായത്തോടെ വേണം രോഗികളെ തരം തിരിക്കേണ്ടത്.

- എല്ലാ പ്രാഥമിക/കുടുംബാരോഗ്യ കേന്ദ്രങ്ങൾ , ഇസഞ്ജീവനി/ടെലിമെഡിസിൻ സംവിധാനങ്ങൾ ഇവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

- വാഹന സൗകര്യം ഉറപ്പാക്കേണ്ടതാണ് .

- ഹോം ഐസോലെഷനിൽ കഴിയുന്നവർക്ക് വേണ്ട എല്ലാ വിധ സേവനങ്ങളും കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

- ഹോം ഐസോലെഷനിൽ കഴിയുന്നവർ കൃത്യമായി ക്വോറന്റൈൻ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

- പൾസ് ഓക്സി മീറ്റർ, തെർമോമീറ്റർ, ഗ്ലൂക്കോ മീറ്റർ, ബ്ലഡ് പ്രഷർ മോണിട്ടർ എന്നിവയുടെ ലഭ്യത ഉറപ്പാക്കുക.

- പൾസ് ഓക്സി മീറ്റർ, തെർമോമീറ്റർ, ഗ്ലൂക്കോ മീറ്റർ, ബ്ലഡ് പ്രഷർ മോണിട്ടർ എന്നിവയുടെ ഉപയോഗ രീതി ഗൃഹ ചികിറ്സയിലുള്ളവർക്ക് പറഞ്ഞു കൊടുക്കുക.

- ഗൃഹ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് വേണ്ട മാനസിക പിന്തുണ നൽകേണ്ടതാണ്.

ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിനു അയൽപക്ക നിരീക്ഷണ സമിതികളെ സഹായിക്കുന്നതിനും ആയതു തുടർച്ചയായി വിലയിരുത്തുന്നതിനും വാർഡ് തല സമിതികളും തദ്ദേശ സ്ഥാപന തലത്തിലെ കോർ ഗ്രൂപ്പും പ്രത്യേകം ശ്രദ്ധി ക്കേണ്ടതാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ആരോഗ്യ വകുപ്പ് ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള,

തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്